സി 4-485/2017

**കണയന്നൂർ താലൂക്ക്, ചേരാനെല്ലൂർ, ഇടപ്പിള്ളിസൌത്ത് വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ആകെ 0.7236 ഹെക്ടർ വസ്തു പേരണ്ടൂർ- വടുതല പാലത്തിൻറെ നിർമ്മാണത്തിനു വേണ്ടി RFCTLARR ACT പ്രകാരം ഏറ്റെടുക്കുന്നതിൻറെ നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് , കളമശ്ശേരി സമർപ്പിച്ച റിപ്പോർട്ട് വിദഗ്ദ്ധ സമിതി വിലയിരുത്തിയതിന്മേൽ വിദഗ്ദ്ധസമിതി ചെയർമാൻ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.**

പേരണ്ടൂർ-വടുതല പാലം നിർമ്മാണത്തിനായി കണയന്നൂർ താലൂക്ക്, ചേരാനെല്ലൂർ, ഇടപ്പിള്ളിസൌത്ത് വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ആകെ 0.7236 ഹെക്ടർ വസ്തു ഏറ്റെടുക്കുന്നതിനായി എറണാകുളം പൊതുമരാമത്ത് റോഡ്സ് വിഭാഗം അർത്ഥനാ പത്രം സമർപ്പിച്ചിട്ടുള്ളതും ആയതുപ്രകാരം എറണാകുളം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി ജില്ലാകളക്ടർ നിയമിച്ചിട്ടുള്ളതുമാണ്.

RFCTLARR ACT 2013 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി എറണാകുളം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ തിരഞ്ഞെടുത്തിട്ടുള്ളതും 4(1) നോട്ടിഫിക്കേഷൻ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ട് മാസത്തിനുള്ളിലും ആറ് മാസത്തിൽ കവിയാതെയും സാമൂഹ്യപ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നതുമാണ്. അപ്രകാരം സാമൂഹ്യപ്രത്യാഘാത പഠനത്തിൻറെ അന്തിമ റിപ്പോർട്ട് SIA യൂണിറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 18/10/19-ാം തീയതി വിദഗ്ദ്ധസമിതി കൂടുകയും നിർദ്ദിഷ്ട പദ്ധതിയുടെ പ്രയോജനങ്ങൾ നാടിൻറെ ഗതാഗത വികസനത്തിന് ഉതകുന്നതാണെന്നും തന്മൂലം നാടിൻറെ മൊത്തത്തിലുള്ള വികസനം സാദ്ധ്യമാകുമെന്നും യോഗം വിലയിരുത്തി. പദ്ധതി മൂലം കൈവരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹ്യചെലവുകളെയും പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും, ഏറ്റെടുക്കൽ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവ് പദ്ധതിക്ക് ആവശ്യമായിട്ടുള്ളതാണെന്നും യോഗം അഭിപ്രായപ്പെട്ടു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിനെപ്പറ്റി വിദഗ്ദ്ധസമിതി അംഗങ്ങൾ ആരും

തന്നെ ആക്ഷേപം ഉന്നയിക്കുകയുണ്ടായില്ല. ആയതിനാൽ ഒഴിവാക്കാനാവാത്ത പൊതുആവശ്യമായി കണക്കാക്കി പൊന്നുംവില നടപടികൾ തുരടരാവുന്നതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്നുള്ള നിഗമനത്തിൻറെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണെന്ന് യോഗത്തിൽ തീരുമാനമുണ്ടായി

വിദഗ്ദ്ധ സമിതി യോഗത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലെ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത പ്രോജക്ട് ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിക്കുകയും ഈ തീരുമാനം യോഗത്തിന് ഹാജരായ എല്ല വിദഗ്ദ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കുന്നതിനായി എറണാകുളം ജില്ലാകളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

(signature)

വിദഗ്ദ്ധസമിതി ചെയർമാൻ
&
സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ജനറൽ.
എറണാകുളം.